# <u>അറിയിപ്പ്</u>

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൻറെ മോഡേൺ മെഡിസിൻ കൗൺസിലിൽ രജിസ്റ്റർ ചെയ്യാനായി ഓൺ ലൈൻ മുഖാന്തിരവും തുടർന്ന് അതിൻറെ പകർപ്പുകൾ ഉൾപ്പെടെയുള്ള ആധികാരിക രേഖകൾ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഓഫീസിൽ ലഭിച്ചിട്ടുള്ള കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് ഇന്റേൺഷിപ് പൂർത്തീകരിച്ചവർക്കു കോവിഡ്19 മായി ബന്ധപെട്ട ഗ്രാമീണമേഖലയിൽ നിയമനം ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് 03.07. 2020 വരെയുള്ള അപേക്ഷകളിൽ മേൽ രജിസ്ട്രേഷനോ രജിസ്റ്റർ നമ്പറോ അനുവദിച്ചിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ ട്രിപ്പിൾ ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഓഫീസ് തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം   വന്നുചേർന്നിട്ടുണ്ട്. കോവിഡ്19 മായി ബന്ധപ്പെട്ട ഗ്രാമീണ മേഖലയിൽ സർക്കാർ നിയമിച്ചിട്ടുള്ള ഉത്തരവിൽ ഉള്ളവർക്ക്, നിലവിലെ കോവിഡ്-19  അടിയന്തിര സാഹചര്യം മുൻനിർത്തി അവരുടെ അപേക്ഷ ഓഫീസിൽ ലഭിച് ആഫീസ് പ്രവർത്തനം പുനഃ സ്ഥാപിച്ചാൽ ഉടൻ തന്നെ രജിസ്റ്റർ നമ്പർ നൽകുന്നതാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

അതുപോലെ ചിലർ സ്ഥിരം രജിസ്ട്രേഷൻ നേടാതെ ഇന്റേൺഷിപ് പൂർത്തീകരിക്കാനായി മാത്രം നൽകിയിട്ടുള്ള പ്രൊവിഷണൽ രജിസ്ട്രേഷൻ ഉപയോഗിച്ച് സ്വകാര്യാ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്നതായി പരാതി ലഭിക്കുന്നുണ്ട് . ഇത് നിയമ വിരുദ്ധവും സ്ഥിരം രജിസ്ട്രേഷനെ ബാധിക്കുന്നതും നിയമനടപടികൾ ക്ഷണിച്ചു വരുത്തുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

11-07-2020 — രജിസ്ട്രാർ

തിരുവനന്തപുരം — ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ